## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ** **06.11.2019-ൽ മറുപടിയ്ക്ക്.**

**ചോദ്യം നമ്പർ 2752**

## മിൽമ ഉല്പന്നങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ഡി.സതീശൻ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) മിൽമ ഉല്പന്നങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നുണ്ടോ; | (എ) ആലോചിക്കുന്നുണ്ട്. |
| (ബി) മിൽമ നിലവിൽ അരലിറ്റർ, ഒരു ലിറ്റർ പാലുകൾ വിതരണം ചെയ്യുവാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കവർ എത്ര മൈക്രോണിന്റേതാണ്; | (ബി) 53 മൈക്രോൺ |
| (സി) ഗാന്ധിജയന്തി ദിനം മുതൽ അമ്പത് മൈക്രോണിൽ താഴെയുള്ള പുനരുപയോഗ സാധ്യമല്ലാത്ത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ തടയുന്ന സാഹചര്യത്തിൽ മിൽമ ഉപയോഗിക്കുന്ന കവറുകൾക്ക് പകരം മറ്റെന്തെങ്കിലും സംവിധാനം ഒരുക്കുവാൻ ആലോചിക്കുന്നുണ്ടോ; | (സി) മിൽമ 53 മൈക്രോണിന് മുകളിലുള്ള LDPE ഫിലിമാണ് പാക്കിംഗിന് ഉപയോഗിക്കുന്നത്. എന്നാൽ ഇതിന് പകരമുള്ള സംവിധാനം ആലോചിക്കുന്നുണ്ട്. |
| (ഡി) പാലിന്റെ കാലി കവറുകൾ സംഭരിക്കുന്നതിന് മിൽമ ആരെങ്കിലുമായി ധാരണയിലെത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) ധാരണയിലെത്തിയിട്ടില്ല. എന്നാൽ ഇതിനായി ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ പ്രൊപ്പോസൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മിൽമ ആദ്യഘട്ട ചർച്ച പൂർത്തിയാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**